തീർത്ഥധ്വനി

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

തള്ളവിരൽ തളിർത്തു വളർന്ന
ആറുവിരലനാശാന്റെ വളയുന്ന
കൈത്തലം നീർത്തി വിതർത്തിയ
ദ്വാദശക്കട്ടയിലടങ്ങിക്കുടുങ്ങി,
കൂമ്പടപ്പൻ രോഗശമനത്തിനു
കുറിപ്പടി വേണ്ടാത്തൌഷധി തേടിയ,
വീട്ടുമൃഗമമറുന്ന തൊഴുത്തിൽ
ഋഷഭക്കൂറിനു കാത്തിരിപ്പിന്റെ ധ്വനി.

മലമോളിലെ ശിഖരത്തിൽ വിരിഞ്ഞ
മറുമരുന്നറുത്തൊളിച്ചു കളിച്ച പ്രതിയുടെ
മരച്ചില്ല കുലുക്കിക്കിലുക്കിയ മർമ്മരം
കരിങ്കുയിലിൻ പഞ്ചമനാദ പ്രതിധ്വനി.

ദുർഗ്ഗയെത്തൊഴുതു പൂജവെച്ചായുധം
വിചിത്രവീണയെ ഞെരടിത്തടവി
ഷഡ്ജകർമ്മ കീഴ്മേൽ നിനദക്രിയ
വിരൽത്തുമ്പിൻ വരുതിയിൽ ജ്ഞാനധ്വനി.

ഒന്നുചൊല്ലി മറ്റൊന്നു പറയുന്ന ജഗത്തിൽ
ഉള്ളിലിരുപ്പരിച്ചു പെറുക്കേണ്ട മനോവൃത്തം
പരസ്യദ്ദൂതിനു നീലനിയോൺ പെരുക്കത്തിൽ
ആദിയാചാര്യന്റെ മനനവെളിച്ച സംശോധനം
നിശാരഹസ്യ ലാസ്യലീല വെളിച്ചപ്പെടും
വില്പനച്ചരക്കു വിപണിയിൽ സിദ്ധാന്തധ്വനി.

മനസ്സിലാക്കീതും
മനസ്സിലാക്കത്തതും
മനസ്സിലാവാത്തതും

ഒന്നല്ലെന്നുള്ള ത്രിമാനദ്ധ്വനി
മാറ്റുരയ്ക്കുന്ന മാറ്റൊലിയാവിത്:
മനസ്സിലാകാത്തത് മനസ്സിലായെന്ന്
മനസ്സില്ലാമനസ്സോടെ മനസ്സു തുറന്നാൽ
മനസ്സിലായതും മനസ്സിലാകില്ല –
മനമിടറും ഇളകും, മനമൺക്കൂന
മുൻധ്വനിയുടെ സാരാർത്ഥം മറക്കും.
****